കേരള സർക്കാർ

പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ

ഗവ: ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോ) കോഴ്സിലേയ്ക്കുള്ള പ്രവേശനം **2018-19**

**No:6418/C4/2018/GHMCT** തീയതി **18.01.2019**

വിജ്ഞാപനം

സൂചിക:**No:6418/ C4/2018/GHMCT dtd. 18.01.2019**

**1. ആമുഖം**

1.1 തിരുവനന്തപുരം, കോഴിക്കോട് ഗവൺമെൻറ് ഹോമിയോ മെഡിക്കൽ കോളേജുകളിലെ 2018-19 വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോപ്പതി) കോഴ്സിലേക്കുള്ള പ്രവേശനത്തിന് പ്രിൻസിപ്പൽ ആൻഡ് കൺട്രോളിംഗ് ഓഫീസർ സൂചിക ഉത്തരവു മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ സമർപ്പിയ്ക്കേണ്ടത് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ ഡയറക്ടർക്കാണ്. പ്രോസ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2019 ഫെബ്രുവരി 01 മുതൽ ഫെബ്രുവരി 11 -ാം തീയതി വരെ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകളിലും www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻഫോറം ഉപയോഗിച്ച് ഫീസ് ഒടുക്കാവുന്നതാണ്. തുടർന്ന് അപേക്ഷാനമ്പർ, ചെല്ലാൻ നമ്പർ ഇവ ഉപയോഗിച്ച് അപേക്ഷാഫോറം ഓൺലൈനായി 2019 ഫെബ്രുവരി 12 വരെ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് എടുത്ത് അനുബന്ധ രേഖകൾ സഹിതം 2019 ഫെബ്രുവരി 13 ന് വൈകുന്നേരം 5 മണിയ്ക്കകം ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ടെക്നോളജി, നന്ദാവനം, പാളയം, തിരുവനന്തപുരം -695033 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

1.2 സീറ്റുകളുടെ വിന്യാസം

1.21. തിരുവനന്തപുരം, കോഴിക്കോട് എന്നീ ഗവൺമെൻറ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ 50 സീറ്റുകൾ വീതമാണ് നിലവിലുള്ളത്.

1.2.2 ഗവൺമെന്റ് സ്ഥാപനങ്ങളിലെ എല്ലാ സീറ്റുകളിലേക്കും അപേക്ഷകൻ എസ്.എസ്.എൽ.സി പരീക്ഷയിൽ നേടിയ മൊത്തം മാർക്കിന്റെ അടിസ്ഥാനത്തിൽ എൽ.ബി.എസ്സ് ഡയറക്ടർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് പ്രവേശനം നടത്തുന്നത്.

**സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോപ്പതി) കോഴ്സ് കാലയളവ് ഒരു വർഷം ആയിരിക്കും.**

2. ജനനം:-

2.1 മറിച്ചൊരു നിർദ്ദേശമില്ലെങ്കിൽ ഭാരതീയർക്കു മാത്രമെ ഈ സർട്ടിഫിക്കറ്റ് കോഴ്സ് പ്രവേശനത്തിന് അർഹതയുള്ളു. **Persons of Indian Origin (PIO) Overseas Citizenship of India (OCI)** കാർഡ് ഉള്ളവരെയും, പ്രവേശനത്തിന്റെ അർഹതയ്ക്കായി ഭാരതീയന് ഒപ്പം പരിഗണിക്കും.

2.2 വിദ്യാഭ്യാസയോഗ്യത

അപേക്ഷകർ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന ബോർഡുകൾ നടത്തിവരുന്ന എസ്.എസ്.എൽ.സിയോ തത്തുല്ല്യ പരീക്ഷയോ മിനിമം 50% മാർക്കോടെ പാസ്സായിരിക്കണം

2.3 വയസ്സ്

01-01-2018 ന് 17 വയസ്സ് പൂർത്തിയാക്കിയിരിക്കണം. ഉയർന്ന പ്രായപരിധി ജനറൽ വിഭാഗത്തിന് 33 വയസ്സും സർവ്വീസ് ക്വാട്ടായിൽ അപേക്ഷിക്കുന്നവർക്ക് 48 വയസ്സും ആയിരിക്കും. പ്രായപരിധി കണക്കാക്കുന്നത് അപേക്ഷാ സമർപ്പണത്തിനുള്ള അവസാനദിവസം അടിസ്ഥാനമാക്കിയായിരിക്കും.

**3. അപേക്ഷാഫോറം:-**

വ്യക്തിഗത വിവരങ്ങളും അക്കാദമിക വിവരങ്ങളും ഓൺ ലൈൻ ആയി രജിസ്റ്റർ ചെയ്തതിനു ശേഷം ലഭിക്കുന്ന പ്രിന്റൗട്ട് (Hard Copy) ആണ് അപേക്ഷയായി പരിഗണിക്കുന്നത്.
രണ്ടു കോളേജുകളിലേക്കും അപേക്ഷിക്കുന്നതിന് ഒരു അപേക്ഷ മതിയാകും. ഒന്നിൽ കൂടുതൽ അപേക്ഷ സമർപ്പിക്കുന്നവരുടെ അപേക്ഷ റദ്ദാക്കപ്പെടുന്നതാണ്. പൊതു വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേക അപേക്ഷാ ഫോറങ്ങൾ ഉണ്ടായിരിക്കുന്നതാണ്. (പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത അപേക്ഷകർ ഈ ആവശ്യത്തിന് പൊതുവിഭാഗത്തിൽ ഉൾപ്പെട്ടതായി കണക്കാക്കുന്നതാണ്).

3.1 അപേക്ഷാഫീസ്

അപേക്ഷാഫീസ് താഴ കൊടുത്തിരിക്കുന്നതു പ്രകാരമായിരിക്കും:

| | |
|---|---|
| പൊതുവിഭാഗത്തിന് | : 400 രൂപ |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് | : 200 രൂപ |

20.06.2005 ലെ GO(MS) No.25/2005/SCSTDD ഉത്തരവിലെ ക്ലോസ് 2(ii) പ്രകാരം പ്രേസ്പെക്ടസിൽ പരാമശിച്ചിട്ടുള്ള ഏതെങ്കിലും ഒരാൾ SC/ST വിഭാഗത്തിൽപ്പെടുന്ന മിശ്രവിവാഹിത ദമ്പതികളുടെ മക്കൾക്ക്, SC/ST വിഭാഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ, സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ഇവർ SC/ST വിഭാഗത്തിനുള്ള അപേക്ഷാഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം റവന്യു അധികാരികളിൽ നിന്നും ലഭിച്ച മിശ്രവിവാഹ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

**3.2 പ്രോസ്സ്പെക്ടസ്സിന്റെയും അപേക്ഷാഫോറത്തിന്റെയും ലഭ്യത.**

കേരളത്തിലെ ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ www.lbscentre.kerla.gov.in എന്ന വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻ ഫോറം ഉപയോഗിച്ച് അപേക്ഷാഫീസ് ആയ 400 രൂപ (എസ്.സി /എസ്.റ്റി വിഭാഗത്തിന് 200 രൂപ) ഒടുക്കുമ്പോൾ അപേക്ഷകർക്ക് ഓൺലൈൻ രജിസ്ട്രേഷന് വേണ്ടിയുള്ള ചെല്ലാൻ നമ്പർ ലഭിക്കും. ചെല്ലാൻ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷാനമ്പറും, ചെല്ലാൻ നമ്പറും ഉപയോഗിച്ച് ഔൺലൈൻ രജിസ്ട്രേഷൻ 2019 ഫെബ്രുവരി 12 ന് വൈകുന്നേരം 5 മണിയ്ക്കകം പൂർത്തിയാക്കാവുന്നതാണ്.

**3.2 അപേക്ഷകളുടെ സമർപ്പണം :-**

അപേക്ഷ സമർപ്പിക്കുന്നതിന് രണ്ട് ഘട്ടങ്ങളുണ്ട്. അപേക്ഷകർ ഈ രണ്ട് ഘട്ടങ്ങളും നിർബന്ധമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതാണ്.

ഘട്ടം 1: അപേക്ഷാർത്ഥിയുടെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തുക

(i) അപേക്ഷകർ ഔദ്യോഗിക വെബ് സൈറ്റായ www.lbscentre.kerala.gov.in സന്ദർശിക്കണം. വെബ്സൈറ്റിലെ **"Admission to CCPH 2018-19"** എന്ന സൂചകത്തിൽ **(Link)** ക്ലിക്ക് ചെയ്യണം.

(ii) തുടർന്ന് അപേക്ഷകൻ **"NEW CANDIDATE"** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തി **`SAVE'** ചെയ്യണം.

(iii) സ്ക്രീനിൽ ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പർ രേഖപ്പെടുത്തിയ മൂന്ന് പാർട്ട് ചെല്ലാൻ ഫോറം (അപേക്ഷാർത്ഥിയുടെ കോപ്പി, ഓഫീസ് കോപ്പി, ബാങ്ക് കോപ്പി) പ്രിന്റൗട്ട് എടുത്ത് ഫെഡറൽ ബാങ്കിന്റെ ശാഖയിൽ തുക ഒടുക്കാവുന്നതാണ്.

(iv) അപേക്ഷാർത്ഥി ബാങ്കിൽ ഫീസ് ഒടുക്കി കഴിയുമ്പോൾ ചെല്ലാന്റെ കോപ്പിയും ഓഫീസ് കോപ്പിയും ലഭിക്കുന്നതാണ്.

ഘട്ടം 2: **രജിസ്ട്രേഷൻ ഉറപ്പാക്കുന്നതും അപേക്ഷാഫോറം അയയ്ക്കുന്നതും**

(i) അപേക്ഷാഫീസ് ബാങ്കിൽ ഒടുക്കിയതിനുശേഷം ഔദ്യോഗിക വെബ് സൈറ്റിലെ **"Admission to CCPH 2018-19"** എന്ന സൂചകത്തിൽ **(Link)** ക്ലിക്ക് ചെയ്ത് തൊട്ടടുത്ത ദിവസമോ നിർദ്ദിഷ്ട സമയത്തിനകമോ, ഓൺലൈൻ രജിസ്ട്രേഷൻ നടപടിക്രമം താഴെപറയുന്ന രീതിയിൽ പൂർത്തിയാക്കാവുന്നതാണ്.

(ii) അപേക്ഷാർത്ഥി **"Login/Fee Remitted Candidate"** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അതിനുശേഷം ബാങ്കിൽ അപേക്ഷാഫീസ് ഒടുക്കിയപ്പോൾ ലഭിച്ച ചെല്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷാഫോറത്തിന്റെ നമ്പർ, ചെല്ലാൻ നമ്പർ, ബാങ്കിന്റെ ശാഖ, ബാങ്കിൽ ഫീസ് അടച്ച തീയതി, എന്നിവ സ്ക്രീനിൽ രേഖപ്പെടുത്തേണ്ടതാണ്. തുടർന്ന് അപേക്ഷാർത്ഥി പാസ് വേഡ് നൽകേണ്ടതാണ്. പാസ് വേഡ് അക്കത്തിലോ അക്ഷരത്തിലോ രണ്ടും കൂടിയോ നൽകാവുന്നതാണ്.

(iii) കംപ്യൂട്ടറിൽ തെളിയുന്ന സെക്യൂരിറ്റി ചോദ്യത്തിന് ഉത്തരം നൽകി **"CONFIRM"** ബട്ടൺ ക്ലിക്ക് ചെയ്യണം. അതിനുശേഷം സ്വന്തം പാസ്പോർട്ട് സൈസ്സ് ഫോട്ടോ അപ് ലോഡ് ചെയ്യണം **(JPEG format with size not more than 20kb)**

(iv) ഫോട്ടോ അപ് ലോഡ് ചെയ്ത് കഴിയുമ്പോൾ ഒരു യൂണിക്ക് രജിസ്ട്രേഷൻ ID ലഭിക്കുന്നതാണ്. ഔദ്യോഗിക വെബ് സൈറ്റിൽ തുടർന്നുള്ള ആവശ്യങ്ങൾക്ക് ആപ്ലിക്കേഷൻ നമ്പർ, രജിസ്ട്രേഷൻ ID, പാസ് വേർഡും എന്നിവ ഉപയോഗിക്കേണ്ടതാണ്. അപേക്ഷാർത്ഥി **"PROCEED"** ബട്ടൺ ക്ലിക്ക് ചെയ്ത് ആവശ്യമായ വ്യക്തിഗത വിവരങ്ങൾ പേഴ്സണൽ ഡാറ്റാഷീറ്റിൽ രേഖപ്പെടുത്തി **'SAVE'** ചെയ്യേണ്ടതാണ്. ഇവ പരിശോധിച്ച് **"CONFIRM"** ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ സ്ക്രീനിൽ അപേക്ഷാഫോറം ലഭ്യമാകും. ഇതിനുശേഷം **`PRINT'** ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷാഫോറത്തിന്റെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. പ്രിന്റൗട്ട് എടുത്ത് അപേക്ഷാർത്ഥി ഒപ്പിട്ട അപേക്ഷാഫോമിനോടൊപ്പം ചെല്ലാൻ രസീതിന്റെ ഓഫീസ് കോപ്പിയും സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, നന്ദാവനം, പാളയം, തിരുവനന്തപുരം -695033 എന്ന വിലാസത്തിൽ **2019** ഫെബ്രുവരി 13 ന് 5 മണിക്കകം അയച്ച് കൊടുക്കേണ്ടതാണ്.

**4.റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ:-**

പ്രോസ്പെക്ടസ് വകുപ്പ് 8 പ്രകാരം അപേക്ഷകരുടെ യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ഒരു പൊതു ഇൻഡക്സ് സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്.

5.കേന്ദ്രീകൃത അലോട്ട്മെന്റ്

സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി എൽ.ബി.എസ്സ് സെന്റർ ഡയറക്ടർ, പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസറിന്റെ മേൽനോട്ടത്തിൽ നടത്തുന്ന ഒരു കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെയായിരിക്കും അപേക്ഷകരെ തിരഞ്ഞെടുക്കുന്നത്.

6.വൈകി ലഭിക്കുന്ന അപേക്ഷകൾ:-

വൈകി ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7.അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല.

8.അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

9.അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ
പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ
സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്
തിരുവനന്തപുരം

തിരുവനന്തപുരം
31.01.2019